## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.313 — 09.03.2015 ൽ മറുപടിക്ക്

**സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതി**

ചോദ്യം — ഉത്തരം

ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി.എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സിനിമാരംഗം പരിഷ്കരിക്കുന്നതിന് ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ഫിലിം സബ്സിഡി തുകയും ചട്ടങ്ങളും പരിഷ്കരിക്കുന്നതിനും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന്റെ നടത്തിപ്പ്, ഫിലിം അവാർഡ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, ജെ.സി. ഡാനിയേൽ അവാർഡ് തുക വർദ്ധിപ്പിക്കൽ, സിനിമാറ്റോഗ്രഫി നിയമ പരിഷ്കരണം എന്നിവ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാൻ ആയും ശ്രീ. ഷാജി.എൻ.കരുൺ, ശ്രീ. പന്തളം സുധാകരൻ, ശ്രീ. ജി.സുരേഷ് കുമാർ എന്നിവർ അംഗങ്ങളായും ശ്രീമതി. റാണി ജോർജ്ജ് മെമ്പർ സെക്രട്ടറിയായും ഒരു ഉന്നതതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പരിഗണനയിലുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ നടത്തിപ്പ്, ജെ.സി.ഡാനിയേൽ പുരസ്കാരം, ആയുഷ്കാല സംഭാവനയ്ക്കുള്ള ആഗോളപുരസ്കാരം, സംസ്ഥാന ചലച്ചിത്ര അവാർഡുകളെ സംബന്ധിച്ച സമിതിയുടെ നിരീക്ഷണ ശുപാർശകൾ, സിനിമാ സബ്സിഡി സംബന്ധിച്ച നിർദ്ദേശങ്ങൾ, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, നിലവിലുള്ള സിനിമാ റെഗുലേഷൻ ആക്ട് ഉടച്ചു വാർത്ത് പുതിയ നിയമം കൊണ്ടുവരുന്നതിന് വേണ്ട നിർദ്ദേശങ്ങൾ, സംസ്ഥാനത്ത് ഒരു ചലച്ചിത്ര ആർക്കൈവ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ, ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ, ചലച്ചിത്രമേളയ്ക്ക് തിയേറ്റർ സമുച്ചയം തുടങ്ങിയ മറ്റു നിർദ്ദേശങ്ങളുമാണ് സമിതിയുടെ പരിഗണനയിലുള്ളത്. |

| | | | |
|---|---|---|---|
| (സി) | അവാർഡ് നിർണ്ണയം, ചലച്ചിത്രമേള ഉൾപ്പെടെയുള്ളവയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | അവാർഡ് നിർണ്ണയം, ചലച്ചിത്രമേളയുടെ പരിഷ്കരണം എന്നിവ സംബന്ധിച്ച സമിതിയുടെ ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സമിതിയുടെ റിപ്പോർട്ടിലെ അവാർഡുകളെ സംബന്ധിച്ചുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര അവാർഡ് ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സമിതിയുടെ നിർദ്ദേശങ്ങളിൽ ചലച്ചിത്ര മേളയുടെ നടത്തിപ്പു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.<br>1. ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ എണ്ണം 210 ൽ നിന്നും 138 ആയി കുറച്ചു.<br>2. ഡെലിഗേറ്റ് ഫീ ഏകീകരിച്ച് 500 രൂപയായി നിശ്ചയിച്ചു. വിദ്യാർത്ഥികൾക്ക് ടിക്കറ്റ് നിരക്ക് 300/ രൂപയായി നിശ്ചയിച്ചു.<br>3. ഡെലിഗേറ്റ് രജിസ്ട്രേഷൻ ചുമതലകൾ ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയും ചലച്ചിത്ര അക്കാദമിയും സംയുക്തമായാണ് നിർവ്വഹിച്ചത്.<br>4. ഡെലിഗേറ്റുകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ശേഖരിക്കുവാൻ കഴിയുന്ന തരത്തിൽ അപേക്ഷാഫോറം പരിഷ്കരിച്ചു മുൻവർഷങ്ങളിലേതു പോലെ തിയേറ്ററുകളിൽ ഇരിപ്പിടങ്ങൾ ഉള്ളതിനേക്കാൾ കൂടുതൽ ഡെലിഗേറ്റുകളെ പ്രവേശിപ്പിക്കേണ്ടി വന്നിട്ടുണ്ട്.<br>5. മേളയ്ക്ക് ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നതിന് വിദഗ്ധസമിതികളെ നിയോഗിക്കുകയും നല്ല ചിത്രങ്ങൾ മാത്രം ഈ വർഷത്തെ മേളയ്ക്ക് തിരഞ്ഞെടുത്തു പ്രദർശിപ്പിക്കുവാൻ കഴിഞ്ഞിട്ടുമുണ്ട്.<br>6. മേള തുടങ്ങുന്നതിനു മുൻപേ ഫെസ്റ്റിവൽ കാറ്റലോഗ്, കിറ്റ്, ഹാൻഡ് ബുക്ക് എന്നിവ തയ്യാറാക്കിയിരുന്നു.<br>7. ഉദ്ഘാടന സമാപന ചടങ്ങുകൾ ലളിതമായ രീതിയിൽ പരമാവധി ചിലവ് കുറച്ചു നടത്തുവാൻ കഴിഞ്ഞു.<br>8. ചലച്ചിത്രമേളയുടെ മാർക്കറ്റിംഗ് വിഭാഗം പുന:ക്രമീകരിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | 9. മേളയോടനുബന്ധിച്ച് ഒരുക്കിയ അക്കാദമിക് പ്രവർത്തനങ്ങൾ മുൻ കാലങ്ങളെ അപേക്ഷിച്ച് വളരെ നല്ല നിലവാരം പുലർത്തി. വിവിധ മീഡിയാ സ്കൂളുകളിൽ നിന്നും ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു.<br>10. ഇന്ത്യയുടെ ഒട്ടുമിക്ക ഭാഗങ്ങളിൽ നിന്നും ഫിലിം സ്കൂളുകളിലെ വിദ്യാർത്ഥികൾ ഈ വർഷത്തെ മേളയിൽ പങ്കെടുക്കുവാനായി രജിസ്റ്റർ ചെയ്യുകയും ഗ്രൂപ്പ് രജിസ്ട്രേഷനുള്ള സൗകര്യം ചലച്ചിത്ര അക്കാദമി അവർക്കായി ഒരുക്കി നൽകുകയും ചെയ്തിരുന്നു.<br>11. സമിതിയുടെ ശുപാർശ പ്രകാരം സെക്യൂരിറ്റിയുടെ എണ്ണം കൂട്ടുകയും ഏകോപനത്തിന് എല്ലാ തിയേറ്ററുകളിലും മാനേജർമാരെ നിയോഗിക്കുയും ചെയ്തു.<br>12. ശ്രദ്ധാഞ്ജലി പരമ്പരയിൽ മലയാള സിനിമയ്ക്ക് ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ള വ്യക്തികളെക്കുറിച്ച് പുസ്തകങ്ങൾ പ്രകാശിപ്പിക്കുകയും അതിനായി പ്രൗഢഗംഭീരമായ ഒരു ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു<br>13. മേളയുടെ ചിലവുകളിൽ വ്യക്തമായ നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിച്ചു. |

Saradadevi

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**